(ബി) പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്?

ഉത്തരം

(എ) കേരള ലോക്കൽ ഗവൺമെന്റ് സർവ്വീസ് ഡെലിവറി പ്രോജക്ടിന്റെ രണ്ടാം ഘട്ടം നടപ്പാക്കാൻ കർമ്മപദ്ധതി ആവിഷ്കരിച്ചിട്ടില്ല.

(ബി&സി) ബാധകമല്ല.

കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഓഫീസ്

206 (3413) ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള പഞ്ചായത്ത് ജീവനക്കാരുടെ പ്രോവിഡന്റ് ഫണ്ട് ഓഫീസിന്റെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ജീവനക്കാരുടെ ശമ്പളത്തിൽ നിന്നും ഈടാക്കിയ വരി സംഖ്യ ക്രെഡിറ്റ് ചെയ്യപ്പെടാതെ വന്നതായ പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വിശദമാക്കാമോ;

(സി) പ്രസ്തുത ഇക കെ.പി.ഇ.പി.എഫ്. അക്കൗണ്ടിൽ വകയിരുത്താൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് അറിയിക്കുമോ;

(ഡി) ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെട്ട് ഇൻഫർമേഷൻ കേരള മിഷൻ എന്തെങ്കിലും സോഫ്റ്റ്വെയർ വികസിപ്പിച്ചിട്ടുണ്ടോ;എങ്കിൽ അത് കെ.പി.ഇ.പി.എഫ്. ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ടോ; ഈ സോഫ്റ്റ്വെയറിന്റെ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(ഇ) ഇത്തരം പരാതികൾ പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്. എ.കെ.എം. വികസിപ്പിച്ചെടുത്ത സ്റ്റോഫ്റ്റ്വെയറിലുണ്ടായ അപാകതമൂലമാണ് ഇത് സംഭവിച്ചിട്ടുള്ളത്. ടി അപാകത പരിഹരിക്കുന്നതിന് പഞ്ചായത്ത് ഡയറക്ടർ തലത്തിൽ ഐ.കെ.എം.-ന് നിർദ്ദേശം നൽകിയിട്ടുണ്ട്. ശരിയായ അക്കൗണ്ട് നമ്പർ രേഖപ്പെടുത്താത്തതും ട്രഷറിയിൽ ഒടുക്കുന്ന ചെലാനുകളിൽ ശരിയായ ഹെഡ് ഓഫ് അക്കൗണ്ട് രേഖപ്പെടുത്താത്തതും മിസ്സിംഗ് ക്രെഡിറ്റുകൾക്ക് കാരണമാകാറുണ്ട്.

(സി) 2015-16 വർഷം മുതൽ ഓൺലൈൻ സംവിധാനം നിലവിൽ വന്നതിനാൽ ഐ.കെ.എം. സോഫ്റ്റ്വെയറിൽ വേണ്ടുന്ന വിവരങ്ങൾ ഉൾക്കൊള്ളിച്ച് സോഫ്റ്റ്വെയറിലെ അപാകതകൾ ഐ.കെ.എം. പരിഹരിച്ചു. മിസ്സിംഗ് ക്രെഡിറ്റ് സംബന്ധിച്ച പരാതികൾ പൂർണ്ണമായും പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ഡി) സ്ഥാപന കെ.പി.ഇ.പി.എഫ്. എന്ന അപ്ലിക്കേഷൻ ഐ.കെ.എം. വഴി പ്രാവർത്തികമാക്കി കെ.പി.ഇ.പി.എഫ്. ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. കെ.പി.ഇ.പി.എഫ്.-ലെ ജോലികൾ ഓൺലൈൻ ആക്കുകയാണ് ഈ സോഫ്റ്റ് വെയറിന്റെ ലക്ഷ്യം.

(ഇ) ഐ. കെ. എം. വികസിപ്പിച്ചെടുത്ത സോഫ്റ്റ്വെയറിലെ അപാകതകൾ പരിഹരിക്കുന്ന മുറയ്ക്ക് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

വാടക കെട്ടിടങ്ങൾ ഉപയോഗിക്കുന്ന ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ

207 (3414) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പഞ്ചായത്തും സാമൂഹ്യനീതിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടക കെട്ടിടങ്ങളിൽ ചെറുകിട വ്യാപാരസ്ഥാപനങ്ങൾ, വീടുകൾ വാടകയ്ക്കെടുത്ത് താമസിക്കുന്നവർ തുടങ്ങിയ വാടക ഗുണഭോക്താക്കളുടെ പ്രശ്നങ്ങൾ സംബന്ധിച്ച് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(ബി) വാടക കെട്ടിടങ്ങളുടെ ഉടമസ്ഥർ യാതൊരു വ്യവസ്ഥയുമില്ലാതെ വാടക നിരക്ക് ഉയർത്തുന്നത് പല ചെറുകിട വ്യവസായ, വ്യാപാര സ്ഥാപനങ്ങൾക്കും പ്രവർത്തിക്കാൻ കഴിയാത്ത സ്ഥിതിവിശേഷം ഉണ്ടാകുന്നത് സംബന്ധിച്ച പഠനം നടത്തുന്നതിന് നടപടി സ്വീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly